# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 20.09.2025** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1. 2047 ഓടെ വികസിത രാജ്യമാകുക എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ എല്ലാ മേഖലകളിലും സ്വയം പര്യാപ്തത ആവശ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says self-sufficiency in all sectors is necessary to realize the dream of becoming a developed country by 2047.**

2. സാധാരണക്കാരുടെ ക്ഷേമം ലക്ഷ്യമിട്ടാണ് ചരക്ക് സേവന നികുതി നിരക്കുകളിൽ കുറവ് വരുത്തിയതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ.

   **Union Finance Minister Nirmala Sitharaman says that the reduction in the Goods and Services Tax rates has been aimed at the welfare of the common man.**

3. മത്സ്യമേഖലയിലെ നിക്ഷേപവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായി നവംബറിൽ ലക്ഷദ്വീപിൽ നിക്ഷേപകരുടെയും കയറ്റുമതിക്കാരുടെയും സംഗമം സംഘടിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിങ്.

   **Union Minister Rajiv Ranjan Singh says that an investors' and exporters' meet will be organized in**

Lakshadweep in November to promote investment and exports in the fisheries sector.

4. രാജ്യത്തെ 25 കോടി ജന ങ്ങളെ കേന്ദ്ര സർക്കാർ ദാരിദ്ര്യരേഖയ്ക്ക് മുകളിലെ ത്തിച്ചതായി വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുകൻ.

   The central government has brought 25 crore people of the country above the poverty line, Minister of State for Information and Broadcasting L Murugan says.

5. മലയാളത്തിന്റെ മഹാ നടൻ മോഹൻലാലിന് ദാദാസാഹിബ് ഫാൽകെ ക്ക പുരസ്കാരം.

   Malayalam's great actor Mohanlal to receive the Dadasaheb Phalke Award.

6. ഏഷ്യകപ്പ് പുരുഷ ടി- 20 ക്രിക്കറ്റിൽ, ശ്രീലങ്ക - ബംഗ്ലദേശ് മത്സരം അൽപ്പസമയത്തിനകം. ഇന്ത്യ- പാകിസ്ഥാൻ പോരാട്ടം നാളെ.

   In the Asia Cup men's T-20 cricket, Sri Lanka - Bangladesh match will be held shortly. India - Pakistan clash tomorrow.

## DAY REV. BIHAR PRESIDENT

രാഷ്ട്രപതി ദ്രൗപദി മുർമു ബിഹാറിലെ ഗയാ ജീ സന്ദർശിച്ചു. വിഷ്ണുപാദ ക്ഷേത്രത്തിൽ പ്രത്യേക പൂജകളിലും രാഷ്ട്രപതി പങ്കെടുത്തു. രാവിലെ ഗയയിലെത്തിയ രാഷ്ട്രപതിയെ ബീഹാർ ഗവർണർ, മന്ത്രിമാർ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു.

*************************

## NEW PM GUJARAT (INTRO)

2047 ഓടെ വികസിത രാജ്യമാകുക എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ എല്ലാ മേഖലകളിലും സ്വയം പര്യാപ്തത ആവശ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിദേശ രാജ്യങ്ങളെ ആശ്രയിക്കുന്നതാണ് രാജ്യം നേരിടുന്ന പ്രധാന വെല്ലുവിളി എന്നും ശ്രീ മോദി പറഞ്ഞു. ഗുജറാത്തിലെ ഭാവ്നഗറിൽ 34,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിക്കുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ് വോയ്സ്........)

മുംബൈ അന്താരാഷ്ട്ര ക്രൂയിസ് ടെർമിനലിന്റെ ഉദ്ഘാടനവും സമുദ്ര മേഖലയുമായി ബന്ധപ്പെട്ട 7,800 കോടിയിലധികം രൂപയുടെ പദ്ധതികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

*************************

## EVE. ADD GUJARAT - PM VISIT

ഗുജറാത്ത് സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി പുരാതന നഗരമായ ലോഥൽ സന്ദർശിച്ചു. ലോഥലിലെ National Maritime Heritage Complex ന്റെ നിർമ്മാണ പുരോഗതി പ്രധാനമന്ത്രി വിലയിരുത്തി. 4,500 കോടി രൂപ ചിലവിലാണ് സിന്ധു നദീതടസംസ്കൃതിയിലെ പ്രധാന വ്യാപാര കേന്ദ്രമായ ലോഥലിൽ National Maritime Heritage Complex നിർമ്മിക്കുന്നത്.

*************************

## NIRMALA SITARAMAN - GST SLABS

ജിഎസ്ടി നിരക്കുകളിൽ കുറവ് വരുത്തിയത് സാധാരണക്കാർക്കു വേണ്ടിയെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ

സീതാരാമൻ. തൂത്തുകുടിയിൽ തീപ്പെട്ടി - പടക്ക നിർമ്മാണ സംഘങ്ങളുടെ നൂറാം വാർഷിക ആഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. 2047ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിന് സർക്കാർ അക്ഷീണം പ്രയത്നിക്കുന്നതായും ശ്രീമതി സീതാരാമൻ പറഞ്ഞു.

*************************

## CONSUMERS- GST HELPLINE

പുതിയ ജിഎസ്ടി പരിഷ്കാരങ്ങളുടെ ഭാഗമായി ദേശീയ ഉപഭോക്തൃ ഹെൽപ്പ് ലൈനിൽ പരാതി പരിഹാര സൗകര്യം ഒരുക്കിയതായി കേന്ദ്ര ഉപഭോക്തൃ കാര്യ വകുപ്പ്. പുതുക്കിയ ജിഎസ്ടി നിരക്കുകളും ഇളവുകളും സംബന്ധിച്ച് ഉയരാവുന്ന ഉപഭോക്തൃ ചോദ്യങ്ങളും പരാതികളും പരിഹരിക്കുന്നതിനായാണ് നടപടി.

*************************

## GST-RAILWAYS

ജിഎസ്ടി നിരക്കുകൾ കുറച്ചതിന്റെ ഭാഗമായി ട്രെയിനുകളിലും റെയിൽവേ സ്റ്റേഷൻ പരിസരത്തും ലഭിക്കുന്ന പാക്ക് ചെയ്ത കുടിവെള്ളത്തിന്റെ വില കുറയ്ക്കാൻ നിർദേശിച്ച് റെയിൽവേ മന്ത്രാലയം. റെയിൽ നീർ ഉൾപ്പെടെയുള്ള കുടിവെള്ളത്തിന്റെ വില ഒരു ലിറ്ററിന് 15 രൂപയിൽ നിന്ന് 14 രൂപയായി കുറയും. 500 മില്ലി ലിറ്ററിന് 10 രൂപയിൽ നിന്നും ഒൻപത് രൂപയായും കുറയും.

*************************

## LAKSHADWEEP-MEET

ട്യൂണ മത്സ്യബന്ധനം, കടൽപ്പായൽ, അലങ്കാര മത്സ്യബന്ധനം എന്നിവയിൽ നിക്ഷേപവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായി 2025 നവംബറിൽ ലക്ഷദ്വീപിൽ നിക്ഷേപകരുടെയും കയറ്റുമതിക്കാരുടെയും സംഗമം സംഘടിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിങ്.

ലക്ഷദ്വീപിലെ മത്സ്യബന്ധന മേഖലയുടെ വികസനം സംബന്ധിച്ച കൊച്ചിയിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് അതിവേഗം വളരുന്ന രണ്ടാമത്തെ മേഖലയാണ് മത്സ്യബന്ധന മേഖലയെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേലും യോഗത്തെ അഭിസംബോധന ചെയ്തു.

*************************

## MURUGAN-BOOK LAUNCH

രാജ്യത്തെ 25 കോടി ജനങ്ങളെ കേന്ദ്ര സർക്കാർ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിച്ചതായി വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുകൻ. ന്യൂഡൽഹിയിൽ ഇന്ന് പ്രധാനമന്ത്രിയെക്കുറിച്ചുള്ള പുസ്തകം - ModiNomics: A Journey of inclusive growth - പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രധാനമന്ത്രി ജൻ-ധൻ യോജന, പ്രധാനമന്ത്രി സുരക്ഷാ ബീമാ യോജന, തുടങ്ങിയ പദ്ധതികൾ ജനങ്ങളുടെ ക്ഷേമം ലക്ഷ്യമിട്ട് നടപ്പിലാക്കിയതാണെന്നും കേന്ദ്രസഹമന്ത്രി കൂട്ടിച്ചേർത്തു.

*************************

## MOHANLAL-AWARD

മലയാളത്തിന്റെ മഹാ നടൻ മോഹൻലാലിന് 2023 ലെ ദാദാസാഹിബ് ഫാൽക്കെ അവാർഡ് നൽകുമെന്ന് കേന്ദ്രസർക്കാർ. ദാദാസാഹിബ് ഫാൽക്കെ അവാർഡ് സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് തീരുമാനം. 2025 സെപ്റ്റംബർ 23 ന് നടക്കുന്ന 71-ാമത് ദേശീയ ചലച്ചിത്ര അവാർഡ് ദാന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും. സിനിമാ മേഖലയിൽ നൽകിയ സമഗ്ര സംഭാവനയ്ക്കാണ് പുരസ്ക്കാരം. ഇതിനു മുമ്പ് മലയാളത്തിൽ നിന്ന് 2004-ൽ അടൂർ

ഗോപാലകൃഷ്ണനാണ് ഫാൽക്കെ അവാർഡ് നേടിയത്. പ്രധാനമന്ത്രി നരേന്ദ്രമോദി മോഹൻലാലിനെ അഭിനന്ദിച്ചു.

*************************

## ASIA CUP

ഏഷ്യകപ്പ് പുരുഷ ടി- 20 ക്രിക്കറ്റിൽ, സൂപ്പർ 4 മത്സരങ്ങൾക്ക് ഇന്നു തുടക്കമാകും. ആദ്യ മത്സരത്തിൽ ശ്രീലങ്കയും ബംഗ്ലദേശും ഏറ്റുമുട്ടും. രാത്രി എട്ടിന് ദുബായി ഇൻ്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്ത്യ നാളെ പാകിസ്ഥാനെ നേരിടും.

*************************

## EVE BADMINTON CHINA-MASTERS

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക് സായിരാജ് - ചിരാഗ് ഷെട്ടി സഖ്യം ഫൈനലിൽ. ഇന്ന് നടന്ന മത്സരത്തിൽ മലേഷ്യൻ സഖ്യത്തെ 21-17, 21-14-നാണ് ഇന്ത്യൻ സഖ്യം പരാജയപ്പെടുത്തിയത്.

*************************

## AYYAPPA SANGAMAM

പമ്പാതീരത്ത് ഇന്ന് രാവിലെ ആരംഭിച്ച ആഗോള അയ്യപ്പസംഗമം സമാപിച്ചു. ശബരിമലയെ തീർത്ഥാടക ഭൂപടത്തിൽ ശ്രദ്ധേയ കേന്ദ്രമാക്കി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുകയാണ് അയ്യപ്പ സംഗമത്തിന്റെ ലക്ഷ്യമെന്ന് സംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആഗോള അയ്യപ്പ സംഗമത്തിൽ ഉയർന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് ശബരിമലയുടെ ഭാവി വികസനവുമായി മുന്നോട്ടു പോകുമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച മന്ത്രി വി എൻ വാസവൻ പറഞ്ഞു.

*************************

# SEVA PARV- UNIVERSAL HEALTH COVERAGE (INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ എല്ലാവർക്കും ആരോഗ്യ സംരക്ഷണം ഉറപ്പാക്കാൻ നടത്തിയ പ്രവർത്തനങ്ങളാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

(വോയിസ്)

*(മ്യൂസിക്)*

*പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഊർജ്ജസ്വലമായ നേതൃത്വത്തിൽ ഇന്ത്യയുടെ ആരോഗ്യ സംരക്ഷണ സംവിധാനം വലിയ പരിവർത്തനത്തിനാണ് വിധേയമായത്. 2018 ൽ ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ പദ്ധതിയായ ആയുഷ്മാൻ ഭാരത്- പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന ആരംഭിച്ചു. പദ്ധതിയിലൂടെ ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. രാജ്യത്തെ ജനസംഖ്യയുടെ താഴേത്തട്ടിലുള്ള 40 ശതമാനത്തെ ലക്ഷ്യം വച്ചുള്ള ഈ പദ്ധതി 55 കോടി ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നു. 70 വയസ്സിനു മുകളിലുള്ള എല്ലാവരെയും ആയുഷ്മാൻ വയ വന്ദന യോജനയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി പദ്ധതി വിപുലീകരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചിരുന്നു.*

*(പിഎം വോയിസ്)*

*പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ, എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ആരോഗ്യ സംരക്ഷണ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിനായി സർക്കാർ സബ്കാ സാത്ത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ് എന്ന തത്വം വിജയകരമായി നടപ്പിലാക്കി.*

(മ്യൂസിക്)

*************************

**CAT-CONFERENCE**

സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10-ാമത് അന്തർദേശീയ യോഗം ചീഫ് ജസ്റ്റിസ് ബി ആർ ഗവായ് ഉദ്ഘാടനം ചെയ്തു. സർക്കാർ ഉദ്യോഗസ്ഥരുടെ മികവ് വർദ്ധിപ്പിക്കാനും അവർക്ക് നീതി ഉറപ്പാക്കാനും ലക്ഷ്യമിട്ടാണ് ട്രിബ്യൂണലുകൾ ആരംഭിച്ചിരിക്കുന്നതെന്ന് ചീഫ് ജസ്റ്റിസ് പറഞ്ഞു. സ്ഥാപിച്ച് നാല് ദശാബ്ദങ്ങൾ പിന്നിടുമ്പോഴും ഇതിനായുള്ള പ്രവർത്തനങ്ങളാണ് ട്രിബ്യൂണൽ നടത്തി വരുന്നതെന്നും അദ്ദേഹം പറഞ്ഞു.

*************************

**US-SYRIA**

സിറിയയ്ക്കുള്ള താൽക്കാലിക സംരക്ഷിത പദവി അമേരിക്ക നിർത്തലാക്കി. സിറിയൻ കുടിയേറ്റക്കാർ 60 ദിവസത്തിനുള്ളിൽ അമേരിക്ക വിട്ടില്ലെങ്കിൽ അറസ്റ്റ് ചെയ്ത് നാടുകടത്തുമെന്ന് മുന്നറിയിപ്പും നൽകി. 2012 മുതൽ നിയമപരമായ പദവി ലഭിച്ച 6,000-ത്തിലധികം സിറിയക്കാരെ ഇത് ബാധിക്കും. കുടിയേറ്റക്കാർക്കുള്ള നിയമപരമായ പദവി എടുത്തുകളയാനുള്ള യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തീരുമാനത്തെ തുടർന്നാണ് നടപടി.

*************************

**ESTONIA-NATO**

നാറ്റോ സഖ്യ കക്ഷികളുമായി ചർച്ച വേണമെന്ന് അഭ്യർഥിച്ച് എസ്റ്റോണിയ. റഷ്യൻ മിഗ്-31 യുദ്ധവിമാനങ്ങൾ വ്യോമാതിർത്തി ലംഘിച്ചും അനുമതിയില്ലാതെയും എസ്റ്റോണിയൻ ആകാശത്തേക്ക് പ്രവേശിച്ചതിനെ തുടർനാണ് അഭ്യർഥന. എന്നാൽ റഷ്യ ഇത് നിഷേധിക്കുകയും വിമാനം

അന്താരാഷ്ട്ര നിയന്ത്രണങ്ങൾ പാലിച്ചതായി അവകാശപ്പെടും ചെയ്യു.

*************************

## NSA CANADA

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ കാനഡയുടെ ദേശീയ സുരക്ഷാ, ഇന്റലിജൻസ് ഉപദേഷ്ടാവ് നതാലി ഡ്രൗയിനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഭീകരവാദ വിരുദ്ധ മേഖലകൾ, അന്തർദേശീയ സംഘടിത കുറ്റകൃത്യങ്ങൾ തടയൽ, ഇന്റലിജൻസ് വിനിമയം എന്നിവയുൾപ്പെടെ ഉഭയകക്ഷി ബന്ധം മുന്നോട്ട് കൊണ്ടുപോകുന്നതിനെക്കുറിച്ച് ഫലപ്രദമായ ചർച്ചകൾ നടത്തിയതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

*************************

## ICAR- KOCHI

കൊച്ചിയിലെ ഐസിഎആർ- സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ പ്രവർത്തനം കേന്ദ്ര ഫിഷറീസ് സെക്രട്ടറി അഭിലക്ഷ് ലിഖി അവലോകനം ചെയ്യു. മത്സ്യ സംസ്കരണത്തിലും മൂല്യവർദ്ധന പ്രവർത്തനങ്ങളിലും ഉള്ള വിടവുകൾ, ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പരിഹരിക്കേണ്ടതിന്റെ ആവശ്യകത ശ്രീ അഭിലക്ഷ് ലിഖി വ്യക്തമാക്കി.